**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം : 1751** **01.11.2019 ലെ മറുപടിക്ക്**

## കോളേജുകളിലെ ലൈബ്രേറിയൻ നിയമനത്തിനുള്ള യോഗ്യത

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ. മുഹമ്മദ് മുഹസിൻ പി. :** | **ഡോ. കെ.ടി. ജലീൽ**<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |
| കോളേജുകളിലെ ലൈബ്രേറിയൻ നിയമനത്തിനുള്ള യോഗ്യതയിൽ റഗുലർ പഠനത്തിലൂടെ നേടിയ ലൈബ്രറി സയൻസ് ബിരുദം എന്നുള്ളത് പി.എസ്.സി. യോ മറ്റ് ഏജൻസികളോ നിർബന്ധമാക്കാറില്ല എന്നിരിക്കെ താൽക്കാലിക ലൈബ്രേറിയൻ നിയമനത്തിന് വിദൂര വിദ്യാഭ്യാസം വഴി നേടിയിട്ടുള്ള ലൈബ്രറി സയൻസ് ബിരുദവും പരിഗണിക്കുന്ന രീതിയിൽ നിയമന യോഗ്യതയിൽ മാറ്റങ്ങൾ വരുത്തുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ ? | Kerala Common Pool Library Subordinate Service Rules 2003, [GO(P)No.129/2003/H.Edn dated 26/08/2003, GO(P) No.53/2009/H.Edn dated 09/06/2009] പ്രകാരം ഗ്രേഡ് 4 ലൈബ്രേറിയൻ തസ്തികയിലേയ്ക്കുള്ള വിദ്യാഭ്യാസ യോഗ്യത കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നും റഗുലർ പഠനം വഴി കരസ്ഥമാക്കിയ<br>a) ഏതെങ്കിലും വിഷയത്തിലുള്ള ഡിഗ്രിയും BLISc<br>or<br>b) SSLC/Diploma in Library Science or<br>c) SSLC/ ഗവ അംഗീകൃത CLISc<br>എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ താത്ക്കാലിക ലൈബ്രേറിയൻ നിയമനത്തിന് വിദൂര വിദ്യാഭ്യാസം വഴി നേടിയിട്ടുള്ള ലൈബ്രറി സയൻസ് ബിരുദവും പരിഗണിക്കുന്ന രീതിയിൽ നിയമന യോഗ്യതയിൽ മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ